ഗ്രേഡ് II തസ്തികയുടെ എഴുത്ത് പരീക്ഷ നാളിതുവരെയായി നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരീക്ഷ നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പരീക്ഷ അടിയന്തരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

വിമുക്തഭടന്മാർക്ക് വീട്ടുകരത്തിൽ ഇളവ്

80 (3711) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്ത ഭടന്മാരുടെയും വിധവകളുടെയും പേരിലുള്ളതും അവർ താമസിക്കുന്നതിന് ഉപയോഗിക്കുന്നതുമായ ഭവനങ്ങൾക്ക് തറവിസ്തീർണ്ണം നോക്കാതെ വീട്ടുകരം ഒഴിവാക്കി 29-8-2009-ലെ സ.ഉ. (എംഎസ്.) നമ്പർ 171/09 ത.സ്വ.ഭ.വ. പ്രകാരം ഉത്തരവിട്ടിരുന്നത്, 2000 ചതുരശ്ര അടിയിൽ താഴെയുള്ള വീടുകൾക്ക് മാത്രമാക്കി 2-7-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 242/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവിറക്കിയതിലൂടെ നല്ലൊരു വിഭാഗം വിമുക്തഭടന്മാരും ഈ ആനുകൂല്യം ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വീടിന്റെ വിസ്തൃതി കുറച്ച് ഉത്തരവിറക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(സി) ആഡംബര നികുതി ഈടാക്കുന്നത് 3000 ച: അടിയിൽ കൂടുതലുള്ള വീടുകൾക്ക് മാത്രമാണെന്നിരിക്കെ വിമുക്ത ഭടന്മാർക്കുള്ള ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി&സി) വിമുക്തഭടന്മാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ജവാന്മാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ

LIBRARY ARCHIVES Kerala Legislative Assembly

ആയ ഭവനത്തെ വസ്തു നികുതിയിൽനിന്നും ഒഴിവാക്കി വിവിധ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രസ്തുത ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ അപേക്ഷപോലും വാങ്ങാതെ നികുതിയിളവ് അനുവദിക്കുന്നതായും നികുതിയിളവ് സ്ഥിരമായി അനുവദിച്ചു നൽകുന്നതായും ഉടമസ്ഥാവകാശം മാറ്റിയിട്ടും ഇളവ് തുടർന്നുവരുന്നതായും മുന്ന് സേനാ വിഭാഗങ്ങളിൽ (കര, നാവിക, വ്യോമ സേന) സേവനം അനുഷ്ഠിച്ചവർക്കാണ് അർഹതയെങ്കിലും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്കും നികുതിയിളവ് അനുവദിച്ച് നൽകുന്നതായും മതിയായ സത്യവാങ്മൂലം വാങ്ങാതിരിക്കുന്നതായും നികുതിയിളവിനുള്ള അർഹത പുനഃപരിശോധനയ്ക്ക് വിധേയമാക്കാതിരിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കര, നാവിക, വ്യോമ സേനാവിഭാഗങ്ങളിലെ വിമുക്തഭടന്റെയോ/അവരുടെ വിധവയുടെയോ ഉടമസ്ഥതയിലുള്ളതും അവർ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്നതും തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്തതുമായ ഒരു വീടിന് വസ്തുനികുതി ഒഴിവാക്കിക്കൊണ്ട് 2-7-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 242/2013/തസ്വഭവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ധനസഹായത്തിന് അപേക്ഷ

81 (3712) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടമരണം സംഭവിച്ചതിൽ ധനസഹായം ആവശ്യപ്പെട്ട് ശ്രീ. പ്രദീപ് കുമാർ, പുതിയ പറമ്പത്ത് എന്നയാൾ സമർപ്പിച്ചതും കോഴിക്കോട് ജില്ലാ കലക്ടറുടെ 23-2-2011-ലെ എഫ്-1-53050/2010 നമ്പരായിട്ടുള്ള ഫയലിൽ ഉൾപ്പെട്ടതുമായ അപേക്ഷയിൽ എന്ത് തീരുമാനം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ടിയാന് ഉടൻതന്നെ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 20-12-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 6376/ 14/ റവ.-യിലെ അനുബന്ധത്തിൽ ക്രമനമ്പർ 34 പ്രകാരം ശ്രീ. പ്രദീപ് കുമാറിന് 30,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly